ശാന്തിഭവൻ തൊടുപുഴ

സ്ഥാപനം : 1965

തൊടുപുഴ ന്യൂമാൻ കോളേജിൽ പഠിച്ചിരുന്ന പെൺകുട്ടികൾക്കായി സ്ഥാപിതമായ അംബികാ ഹോസ്റ്റലിൽറെ മേൽനോട്ടം രൂപതാധികാരികൾ നമ്മുടെ പ്രൊവിൻസിനെ ഏല്പിച്ചു. കോളേജിൽ പഠിച്ചുകൊണ്ടിരുന്ന സിസ്റ്റേഴ്സിന് താമസിക്കാൻ ഇടമില്ലാതിരുന്നതിനാൽ 1965 മുതൽ നമ്മുടെ ഒരു ഭവന സമൂഹം ഹോസ്റ്റലിൽ രൂപം കൊണ്ടു. ഹോസ്റ്റലിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചപ്പോൾ ആ കോമ്പൗണ്ടിൽത്തന്നെ ഉണ്ടായിരുന്ന ഒരു ചെറിയ കെട്ടിടത്തിലേയ്ക്ക് സിസ്റ്റേഴ്സ് താമസം മാറ്റി. 1976-ൽ ശാന്തിഭവനുള്ള സ്ഥലം വാങ്ങി പണി ആരംഭിച്ചു. 1978-ൽ പണി പൂർത്തിയാക്കി വെഞ്ചരിച്ച് സിസ്റ്റേഴ്സ് അവിടെ താമസമാക്കി. കോളേജിൽ അദ്ധ്യാപകരായും അനദ്ധ്യാപകരായും നമ്മുടെ സിസ്റ്റേഴ്സ് ജോലി ചെയ്തിരുന്നു. ഇടവകയിലേയും കോളേജിലേയും പ്രേഷിതമേഖലകളിൽ സിസ്റ്റേഴ്സ് നന്നായി ശ്രദ്ധിക്കുന്നു.